

# അവതാരിക

(ഒന്നാം പതിപ്പ്)

വിശുദ്ധർ ജന്മംകൊള്ളുകയല്ല രൂപംകൊള്ളുകയാണ് എന്ന ബോദ്ധ്യത്തിലേക്ക് അനുവാചകരെ നയിക്കുന്ന ഗ്രന്ഥമാണ് ബഹു. ഡൺസ്റ്റനച്ചന്റെ ആത്മകഥാംശ സമ്പുഷ്ടമായ 'സുതാര്യം സുന്ദരം' എന്ന ജീവചരിത്രം. ഗ്രന്ഥകർത്താവായ ഫാ. പോളി പയ്യപ്പിള്ളി മുഖമൊഴിയിൽ വ്യക്തമാക്കിയിരിക്കുന്ന പോലെ ഡൺസ്റ്റനച്ചൻ തന്റെ ആത്മീയ പിതാവിന്റെ നിർദ്ദേശമനുസരിച്ച് എഴുതിവച്ച ഓർമ്മക്കുറിപ്പുകളാണ് രചനയുടെ പ്രധാന ഉറവിടം. അതോടൊപ്പം അടുത്ത് ഇടപഴകിയവരുടെ അനുഭവങ്ങളും ഓർമ്മകളും. ഒരു ആത്മീയ സുഹൃത്ത് നിഷ്കളങ്കമായി തന്നെത്തന്നെ നമ്മുടെ മുന്നിൽ തുറന്നുവച്ചിരിക്കുന്ന അനുഭൂതിയിലേക്കാണ് പുസ്തകം നമ്മെ ക്ഷണിക്കുന്നത്. പാലക്കാടിന്റെ മണ്ണിൽ അന്തിമവിശ്രമം കൊള്ളുന്ന ഈ പുണ്യാത്മാവിന്റെ ജീവിതത്തിൽ നാം കണ്ടറിഞ്ഞിട്ടുള്ള സുകൃതങ്ങളും ഉറച്ച ബോദ്ധ്യങ്ങളും രൂപപ്പെട്ടതിന്റെ സുതാര്യചരിത്രം, പലപ്പോഴും നമ്മുടെ ആത്മീയ വളർച്ചാവഴികളുടെ നേർക്കാഴ്ചയായിത്തീരുന്നു എന്നതാണ് സത്യം. നമ്മളിലൊരുവന്റെ പച്ചയായ ജീവിതം ആത്മീയ ലഹരി നല്കുന്ന മേല്ത്തരം വീഞ്ഞായിരുന്നുവെന്നു തിരിച്ചറിയുന്ന അനുഭവം.

ബലഹീനതകളെ അതിജീവിക്കാൻ ഉതകുന്ന ഉപായങ്ങളും പരിശീലനങ്ങളും നിർദ്ദേശിക്കുന്ന ആധുനിക മനഃശാസ്ത്രത്തിന്റെ കാലഘട്ടത്തിൽ ധീരമായി ബലഹീനതകളെ സ്വീകരിക്കുകയും കൃപാസ്വീകരണത്തിനുള്ള പാത്രങ്ങളായി ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്ത അച്ചൻ വേറിട്ട ഒരു ആത്മീയക്കാഴ്ച തന്നെയാണ് പ്രധാനം ചെയ്യുന്നത്. കുറവുകളുള്ളവർ തന്നിലേക്കു തന്നെ പിന്തിരിയുവാൻ ശ്രമിക്കുമ്പോൾ ആത്മീയ സാധനയുടെ ഒരു നവജാലകം തുറന്ന്, ദൈവാനുഭവത്തിലേക്കു പ്രവേശിച്ച അച്ചൻ അത്തരക്കാർക്ക്

പ്രത്യാശയുടെ ഒരു ദീപനാളമാണ്. ദൈവം ശിശുസഹജമായ നിഷ്കളങ്കത പാലിക്കുന്നവർക്ക്, ബുദ്ധിമാന്മാരിൽനിന്നുപോലും മറച്ചുവച്ച വിശുദ്ധ ജ്ഞാനം നല്കുമെന്ന വചനം ഡൺസ്റ്റനച്ചനിൽ അന്വർത്ഥമായി. സന്ന്യാസപരിശീലനവേദിയിൽ ഈ ദിവ്യജ്ഞാനം തിളങ്ങുന്നതിന് എത്രയോ ശിഷ്യർ സാക്ഷികളായിരിക്കുന്നു. സത്യമായതു വിശ്വസിക്കുക, വിശ്വസിച്ചതു പറയുക, പറഞ്ഞതു പ്രവർത്തിക്കുക, ഇതായിരുന്നു അദ്ദേഹത്തിന്റെ ബോധ്യത്തിൽ 'നീതി.' ഈ നീതിബോധം താൻ പരിശീലിപ്പിക്കുന്നവരിൽ നിറഞ്ഞു കാണുവാൻ ആഗ്രഹിച്ച അച്ചൻ, സത്യസന്ധത സന്ന്യാസികളുടെ അടിസ്ഥാന ഗുണമായിരിക്കണമെന്നു നിരന്തരം അവരെ ഓർമ്മപ്പെടുത്തി. ഈ സത്യസ്നേഹം അച്ചനെ ഒരു പ്രവാചകന്റെ സ്വരവും സാന്നിദ്ധ്യവുമാക്കി. ദീർഘകാലം അച്ചന്റെ ശുശ്രൂഷാ മേഖല സന്ന്യാസികളുടെ പരിശീലനമായിരുന്നു വല്ലോ.

ക്ഷമയും ശാന്തതയും നിറഞ്ഞ ഒരു ആത്മീയ പിതാവിനെയും ദൈവകരുണയുടെ പ്രതിരൂപമായ ഒരു കുമ്പസാരക്കാരനെയും അച്ചനിൽ കണ്ടെത്തിയവർ നിരവധിയണ്. പാലക്കാട് രൂപതയുടെ പ്രഥമാദ്ധ്യക്ഷനായ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ ദീർഘകാല കുമ്പസാരക്കാരനായിരുന്നു ഡൺസ്റ്റനച്ചൻ. പിതാവ് തന്റെ ഉത്തരവാദിത്വപൂർണ്ണമായ കാലഘട്ടത്തിലും മലമ്പുഴയിലെ വിശ്രമകാലഘട്ടത്തിലും ഡൺസ്റ്റനച്ചൻ കുമ്പസാരിപ്പിക്കണമെന്നു നിർബന്ധമായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓർമ്മക്കുറവ് അധികരിച്ച അച്ചന് പിതാവിന്റെ അവസാന നാളുകളിൽ ആ ശുശ്രൂഷ നിർവഹിക്കാനാകാതെ പോയി. ഇത് അഭിവന്ദ്യ ഇരിമ്പൻ പിതാവിനെ ഒത്തിരിയേറെ വേദനിപ്പിച്ചിരുന്നു എന്നത് എനിക്കു നേരിട്ടറിയാവുന്ന വസ്തുതയാണ്. പാലക്കാട് രൂപതയിലെ വൈദികരെ കുമ്പസാരിപ്പിക്കുന്നതും അവർ ആവശ്യപ്പെടുമ്പോഴെല്ലാം ഇടവകകളിൽ ആ കൂദാശ പരികർമ്മം ചെയ്യാൻ ഓടിയെത്തുന്നതും അച്ചനു സന്തോഷകരമായിരുന്നു. പതിവായി അച്ചന്റെ അടുക്കൽ കുമ്പസാരിക്കുന്നവരുടെ ആത്മീയ വളർച്ച തന്റെ ഉത്തരവദിത്വമായി കരുതിയ അദ്ദേഹം ക്ഷീണം വകവക്കാതെ ദീർഘനേരം പാപമോചനവേദിയിൽ ചെലവഴിച്ചിരുന്നു. വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ അനുകരണീയ മാതൃക ഡൺസ്റ്റനച്ചനിലും ശോഭിച്ചിരുന്നു. പാലക്കാട് രൂപതയുടെ ആരംഭവർഷമായ 1974-ൽ അച്ചൻ താവളം, ജെല്ലിപ്പാറ ഇടവകകളിൽ ഹ്രസ്വകാലം സേവനം ചെയ്തിരുന്നു എന്നതും നന്ദിയോടെ ഓർക്കുന്നു.

തൃശൂർ അതിരൂപതയിലെ പാവറട്ടി ഇടവകയിൽ 1920-ൽ ജനിച്ച ഡൺസ്റ്റനച്ചൻ തന്റെ വിശുദ്ധ ജീവിതത്തിന് ഏറ്റവും കടപ്പെട്ടിരിക്കുന്നത് സ്വന്തം കുടുംബത്തോടാണ് എന്നത് വ്യക്തം. മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും മാതൃകാ ജീവിതങ്ങൾ അച്ചനിൽ ചെലുത്തിയ സ്വാധീനം നിസ്സീമമാണ്. അനുസരണത്തിന്റെയും പരിത്യാഗത്തിന്റെയും അരൂപി സന്യാസ സ്വീകരണത്തിന് എത്രയോ മുൻപുതന്നെ കുടുംബം വഴിയായി അച്ചനിൽ എത്തിച്ചേർന്നിരുന്നു എന്നത് ശ്രദ്ധേയമാണ്. ചെറുപ്രായത്തിൽ വിശ്വാസകാര്യങ്ങളിൽ ലഭിച്ച പ്രോത്സാഹനം, സദ്ഗ്രന്ഥങ്ങൾ വായിക്കാൻ ലഭിച്ച അവസരങ്ങൾ, ആത്മീയ ജീവിതത്തിൽ മുന്നേറിയവരുടെ ജീവിതങ്ങളെക്കുറിച്ച് ശ്രവിച്ച മതിപ്പു നിറഞ്ഞ സംഭാഷണങ്ങൾ ഇവയെല്ലാം ഡൺസ്റ്റനച്ചനെ എത്രയധികം സ്വാധീനിച്ചുവെന്ന് അച്ചൻ തന്നെ സാക്ഷ്യപ്പെടുത്തുന്നത് ശ്രദ്ധേയമാണ്. നമ്മുടെ കുടുംബങ്ങളിൽ ഇത്തരം സാഹചര്യങ്ങൾ സംജാതമായാൽ നിരവധി ദൈവവിളികളും പുണ്യജീവിതങ്ങളും നമ്മുടെ സഭാസമൂഹത്തിൽ രൂപംകൊള്ളുമെന്നതിൽ സംശയമില്ല.

"വലിയ മറവിക്കാരൻ, എന്നാൽ ഈശോയെ മറക്കാത്ത മഹായോഗി." ബഹു. ഡൺസ്റ്റനച്ചന്റെ ജീവിതം നമുക്കിങ്ങനെ സംഗ്രഹിക്കാം. ജീവിതത്തിൽ ദൈവവും അവിടുത്തെ ഇഷ്ടവുമാണ് സുപ്രധാനം എന്നറിഞ്ഞ അച്ചൻ മറ്റെല്ലാ കാര്യങ്ങളും മറക്കുക പതിവായിരുന്നു. എന്നാൽ തന്റെ ദൈവവിളിയും അതു ആവശ്യപ്പെട്ടിരുന്ന ഉത്തരവാദിത്വങ്ങളും അപരനെക്കുറിച്ചുള്ള പരിഗണനയും ഒരിക്കലും മറന്നതുമില്ല. ഈ ജീവചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ ഇക്കാര്യം നമ്മുടെ ഹൃദയങ്ങളിൽ ആഴത്തിൽ പതിയും എന്ന് തീർച്ചയാണ്. അച്ചനെക്കുറിച്ചുള്ള മറവിക്കഥകൾ നിരവധിയുണ്ട്. അതിൽ ചിലത് ഈ പുസ്തകത്തിൽ പോളിയച്ചൻ വിവരിക്കുന്നുമുണ്ട്. മറവിമൂലം നേരിട്ട എല്ലാ അപമാനവും വിശുദ്ധമായ വിനയത്തിൽ അച്ചൻ സ്വീകരിച്ചു. മറവി വിശുദ്ധിക്കുള്ള ചവിട്ടുപടിയാക്കിയ ഡൺസ്റ്റനച്ചൻ ദൈവതിരുച്ചിത്തപ്രകാരം വിശുദ്ധനെന്നു നാമകരണം ചെയ്യപ്പെടുന്ന പക്ഷം മറവിക്കാർക്കുള്ള പ്രത്യേക മദ്ധ്യസ്ഥനായി നിയോഗിക്കപ്പെട്ടാലും അത്ഭുതപ്പെടേണ്ടതില്ല.

ഫാ. പോളി പയ്യപ്പിള്ളിയച്ചൻ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. അധികാരികൾ ഏല്പ്പിച്ച ഉത്തരവാദിത്വം വളരെ ശ്രദ്ധയോടെ അച്ചൻ നിർവഹിച്ചിട്ടുണ്ട്. ഡൺസ്റ്റനച്ചന്റെ ആത്മകഥയും മറ്റുള്ളവ

രുടെ അനുഭവങ്ങളും സ്വന്തം ഉൾക്കാഴ്ചകളും ഏറ്റവും മനോഹരമായി കോർത്തിണക്കിയപ്പോൾ 'സുതാര്യം, സുന്ദരം' എന്ന പേര് അന്വർഥമാക്കുന്ന സുന്ദരവും ലളിതവുമായ ജീവചരിത്രമായി. ഈ ഗ്രന്ഥം അനേകർക്ക് ആത്മീയ ഉണർവിനും ആത്മീയ നവീകരണത്തിനും ഇടയാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതാ മെത്രാൻ